// ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം

വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം. പിൻ. 695035
ഫോൺ: 0471-2302490 ഫാക്സ്: 0471-2303025/2303080
ഇ-മെയിൽ: dhskerala@gmail.com
വെബ്സൈറ്റ്: www.dhs.kerala.gov.in

ഇ എസ് 2/40318/2012/ആവഡ    തീയതി.28/05/2016

# നോട്ടീസ്

വിഷയം: ആവഡ- സീനിയർക്ലാർക്ക്മാരുടെ 17/06/2000 മുതൽ 31/08/2012വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ ശ്രീമതി.ധന്യ.പി യുടെ സീനിയോരിറ്റി നമ്പർ പുനക്രമീകരിക്കുന്നത് സംബന്ധിച്ച്.

സൂചന:
1. നമ്പർ എ2/789/16/ ഡി.എം.ഒ പത്തനംതിട്ട, തീയതി.08/02/2016
2. നമ്പർ എ2/4607/16/ ഡി.എം.ഒ വയനാട്, തീയതി.06/04/2016
3. ഉത്തരവ് നമ്പർ എ2/2618/03/ഡി.എം.ഒ പാലക്കാട് തീയതി.27/10/2003
4. ജി.ഒ.(ആർ.ടി) നമ്പർ 2456/2007/ആ.കു.വ തീയതി.05/07/2007
5. ഉത്തരവ് നമ്പർ ഇ എസ് 2/30876/2009/ആവഡ തീയതി.30/11/2009
6. ഈ ആഫീസിലെ 15/12/2014 ലെ ഇതേ നമ്പർ ഉത്തരവ്.

സീനിയർ ക്ലാർക്ക്മാരുടെ 17/06/2000 മുതൽ 31/08/2012 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ 747 ാംമത്തെ നമ്പരായ ശ്രീമതി.ധന്യ.പി യുടെ സീനിയോരിറ്റി നമ്പർ തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് കാണിച്ച് സൂചന 1 പ്രകാരം അപേക്ഷ അയച്ചുതന്നിരിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ സർവ്വീസ് വിവരങ്ങൾ ആവശ്യപ്പെടുകയും സൂചന 2 പ്രകാരം അവ അയച്ചുതരുകയും വിശദമായി പരിശോധിക്കുകയും ചെയ്തു.

ശ്രീമതി.ധന്യ.പി സൂചന 3 ലെ ഉത്തരവ് പ്രകാരം ആശ്രിതനിയമന വ്യവസ്ഥയിൽ 03/11/2003 ന് ജോലിയിൽ പ്രവേശിച്ചു. എന്നാൽ സൂചന 4 ലെ സർക്കാർ ഉത്തരവ് പ്രകാരം 05/12/2003 മുതൽ 117 ദിവസം പഠനാവശ്യത്തിനായി ശൂന്യവേതനാവധിയിൽ പ്രവേശിച്ചു. പ്രസ്തുത അവധി സീനിയോരിറ്റി ഉൾപ്പെടെയുള്ള യാതൊരു ആനുകൂല്യങ്ങൾക്കും പരിഗണിക്കുന്നതല്ല. 01/04/2004 നാണ് തിരികെ ജോലിയിൽ പ്രവേശിച്ചത്. അവ കണക്കിലെടുക്കാതെയാണ് സീനിയോരിറ്റി നിശ്ചയിച്ചതും സ്ഥാനക്കയറ്റം അനുവദിക്കുകയും ചെയ്തത്.

ഈ സാഹചര്യത്തിൽ ശ്രീമതി.ധന്യ.പി. ശൂന്യവേതനാവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിച്ച തീയതിയായ 01/04/2004 കണക്കിലെടുത്ത് സൂചന 5 പ്രകാരമുള്ള ക്ലാർക്ക്മാരുടെ 01/01/2003 മുതൽ 31/12/2008 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ 28 ാം നമ്പരിൽ നിന്നും ഒഴിവാക്കി 100 (എ) ആയി ഉൾപ്പെടുത്താനും സൂചന 6 പ്രകാരമുള്ള സീനിയർ ക്ലാർക്ക്മാരുടെ 17/06/2000 മുതൽ 31/08/2012 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ 747 ാം നമ്പരിൽ നിന്നും ഒഴിവാക്കി 805 ാം നമ്പരായ ബ്രിജേഷ്.പി യ്ക്കും 806 ാം നമ്പരായ റഹുമത്ത്

ബീവിയുടേയും ഇടയ്ക്കായി 805 (എ) ആയി ഉൾപ്പെടുത്താനും താൽകാലികമായി തീരുമാനിച്ചിരിക്കുന്നു. കൂടാതെ സീനിയർ ക്ലാർക്ക്മാരുടെ സീനിയോരിറ്റി പട്ടികയിൽ 806 ാം നമ്പരായ ശ്രീമതി. റഹുമത്ത് ബീവിയുടെ ക്ലാർക്ക് തസ്തികയിലെ റാങ്ക് നമ്പർ 100(എ) യിൽ നിന്നും 100 (ബി) ആയി തിരുത്തിയിട്ടുമുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| നമ്പർ | പേര് | ജനന തീയതി | ജോലിയിൽ പ്രവേശിച്ച തീയതി | ക്ലാർക്ക്തസ്തികയിലെ റാങ്ക് നമ്പർ (2003-2008) | വകുപ്പ് തല പരീക്ഷയിൽ യോഗ്യത നേടിയ തീയതി | സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിച്ച തീയതി | സീനിയർ ക്ലാർക്ക് തസ്തികയിലെ നിലവിലെ റാങ്ക് നമ്പർ | സീനിയർ ക്ലാർക്ക് തസ്തികലെ പുതുക്കിയ റാങ്ക് നമ്പർ | സീനിയർ ക്ലാർക്ക് തസ്തികയിൽ സീനിയോരിറ്റിക്ക് കണക്കാക്കിയ തീയതി |
|---|---|---|---|---|---|---|---|---|---|
| 1 | ബ്രിജേഷ്.പി | 31/05/1976 | 29/04/2004 | 99 | MOP 1/05 AT(L) 01/05 | 14/08/2012 | 805 | 805 | 31/03/2012 |
| 2 | ധന്യ.പി | 11/05/1982 | 01/04/2004 | 100(എ) | MOP 1/05 AT(L) 06/06 | 04/05/2011 | 747 | 805(എ) | 31/03/2012 |
| 3 | റഹുമത്ത് ബീവി | 20/05/1969 | 30/04/2004 | 100(എ) യിൽ നിന്നും 100(ബി) ആക്കി | MOP 01/06 AT(L) 01/09 | 14/08/2012 | 806 | 806 | 31/15/2012 |

മേൽ നിശ്ചയിച്ച തരുമാനത്തിനെതിരെ ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അവ ഈ നോട്ടീസ് തീയതി മുതൽ 15 ദിവസത്തിനകം നേരിട്ടോ തപാൽമാർഗ്ഗമോ ഈ ആഫീസിൽ ഹാജരാക്കേണ്ടതാണ്.

ഒപ്പ്.
സാംബശിവൻ.എസ്.
സീനിയർഅഡ്മിനിസ്ട്രേറ്റീവ്
ആഫീസറുടെ അധിക ചുമതല

സ്വീകർത്താക്കൽ

1. എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും.
2. എല്ലാ ആശുപത്രി സൂപ്രണ്ടുമാർക്കും.
3. ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും
4. ധന്യ.പി, സീനിയർ ക്ലാർക്ക്, ജില്ലാ മെഡിക്കൽ ആഫീസ്, വയനാട്.
5. ഇ.ഡി.1 സെക്ഷൻ
5. ഫയൽ/ കരുതൽ ഫയൽ